# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 12**

---

## എം.ജി. സർവകലാശാലയുടെ ഓൺലൈൻ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകളുടെ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. എംബിഎ(ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിംഗ്), എം.കോം (ഫിനാൻസ് ആന്റ് ടാക്സേഷൻ), എംഎ ഇംഗ്ലീഷ്, ബി.കോം (ഓണേഴ്സ്) എന്നിവയാണ് പ്രോഗ്രാമുകൾ.*

*യു.ജി.സി യുടെ അംഗീകാരത്തോടെ നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകൾ റെഗുലർ ഡിഗ്രിക്ക് തുല്യമാണ്. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും ചേരാം. പ്രായപരിധിയില്ല. ലോകത്ത് എവിടെനിന്നും പഠിക്കാനാകും. വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും* https://cdoe.mgu.ac.in/ *എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ 0481 2731010.*

*(പി.ആർ.ഒ/39/1300/2025)*

## സൗജന്യ തൊഴിൽ മേള

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22ന് സൗജന്യ തൊഴിൽ മേള നടത്തും.*

*വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 250-ഓളം ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടത്തുന്ന മേളയിൽ എസ്.എസ്.എൽ.സി, പ്ലസ്ടു,ഡിഗ്രി യോഗ്യതയുള്ളവർക്കും മന്ന് ഉയർന്ന യോഗ്യതക്കാർക്കും പങ്കെടുക്കാം.*

*താത്പര്യമുള്ളവർ ഫെബ്രുവരി 21 ന് വൈകുന്നേരം അഞ്ചിനു മുൻപ്* bit.ly/MCCKTM4 *എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ* www.facebook.com/MCCKTM *എന്ന ഫേസ്ബുക് പേജിൽ. ഫോൺ–0481–2731025, 9495628626.*

*(പി.ആർ.ഒ/39/1301/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*മാർച്ച് മൂന്നിന് ആരംഭിക്കുന്ന അവസാന വർഷ, ഒന്നാം വർഷ റീഅപ്പിയറൻസ് (ഇന്റഗ്രേറ്റഡ്) ബിഎഫ്എ പരീക്ഷകൾക്ക് ഫെബ്രുവരി 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 19 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 20 വരെയും അപേക്ഷ സ്വീകരിക്കും.*

...................................

*അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ ബിഎസ്സി സൈബർ ഫോറൻസിക് (2017, 2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 13 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 15 വരെയും അപേക്ഷ സ്വീകരിക്കും.*

..................

*മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി സൈബർ ഫോറൻസിക് (2017, 2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 12 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 14 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1302/2025)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഡിസംബർ 2024) പരീക്ഷ*

*യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 14ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1303/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**